**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**No. 140/2024**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തുപട്ടക്കാർക്കും, പള്ളിക്കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്‌വ്!

പ്രിയരെ,

ലോകത്ത് അർത്ഥപൂർണ്ണമായ ക്രിസ്തീയ സാക്ഷ്യം സാധ്യമാകുന്നത് ക്രിസ്തുവിൽ വെളിപ്പെട്ട ദൈവസ്നേഹത്തിന്റെ ആവിഷ്കാരത്തിലൂടെയാണ്. മലങ്കര ഓർത്തഡോക്സ് സഭ നടത്തുന്ന വിവിധങ്ങളായ മിഷനറി പ്രവർത്തനങ്ങൾ അതിന്റെ ചാലക ശക്തികളാണ്. കുഷ്ഠരോഗികൾ, എയിഡ്സ് രോഗികൾ, അനാഥർ, ആലംബഹീനരായ വൃദ്ധജനങ്ങൾ, പാർശ്വവത്കരിക്കപ്പെട്ടവർ എന്നിവർക്കായി കർണ്ണാടകയിലെ കുണിഗൽ, ജാലഹള്ളി, മക്കോഡിയ, ഭിലായ്, ഇറ്റാർസി, കലഹണ്ടി, പൂനെ-ദേഹു റോഡ്, യാച്ചാരം എന്നിങ്ങനെ കേരളത്തിനു പുറത്തും, കേരളത്തിനകത്ത് വിവിധ ഭദ്രാസനങ്ങളിലുമായി നടത്തപ്പെടുന്ന അനവധിയായ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും അനുഗ്രഹകരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. പ്രവർത്തകരുടെ അഭാവം ഒരു പരിധിവരെ പ്രസ്ഥാനങ്ങളുടെ പ്രവർത്തനങ്ങളെ ബാധിച്ചുകൊണ്ടിരിക്കുന്നു. അർപ്പണബോധമുള്ള യുവതീ യുവാക്കൾ മുന്നോട്ടുവന്നുവെങ്കിൽ മാത്രമേ സഭയുടെ മിഷൻ പ്രവർത്തനങ്ങൾ തുടർന്നുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. അപ്രകാരമുള്ളവരെ കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കാനും സഭാമക്കൾക്കു കഴിയണം. സഭയുടെ എല്ലാ ഇടവകകളിലും ബാഹ്യവും ആഭ്യന്തരവുമായ സുവിശേഷപ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കണം. മിഷൻസൺഡേ കവർപിരിവിനത്തിൽ കഴിഞ്ഞവർഷം ലഭിച്ചത് **1,07,56,147.84** രൂപയാണ്. മുൻവർഷത്തെക്കാൾ **9,48,276.64** കൂടുതലാണ് ലഭിച്ചതെങ്കിലും മിഷൻ രംഗത്തെ വർദ്ധിച്ചുവരുന്ന ചെലവുകൾക്ക് ഈ തുക അപര്യാപ്തമാണെന്നുള്ള വസ്തുതയും ഓർമ്മിപ്പിക്കുന്നു.

സെന്റ് തോമസ് ദിനമായ ജൂലൈ മാസം 3-നു ശേഷം വരുന്ന ഞായറാഴ്ചയായ 7-ാം തീയതി ഈ വർഷത്തെ മിഷൻസൺഡേ ദിനമായി ആചരിക്കുകയാണ്. അന്നേദിവസം സഭയുടെ മിഷൻ പ്രവർത്തനങ്ങൾക്കുവേണ്ടിയും പ്രവർത്തകർക്കുവേണ്ടിയും നിങ്ങളേവരും പ്രത്യേകം പ്രാർത്ഥിക്കുകയും മിഷൻസൺഡേ കവർ പിരിവ് പരമാവധി വിജയിപ്പിക്കുവാൻ പരിശ്രമിക്കുകയും ചെയ്യണം. പ്രിയ വൈദികർ ഇക്കാര്യത്തിൽ പ്രത്യേകം താത്പര്യം കാണിക്കണം. കഴിഞ്ഞവർഷം പകുതിയോളം ഇടവകകൾ മിഷൻസൺഡേ കവർ പിരിവ് നൽകിയിട്ടില്ല എന്നറിയുന്നു. പിരിവ് നടത്തിയതിനുശേഷം ലഭിച്ച തുക സത്യസന്ധമായി അയച്ചുകൊടുക്കാതിരിക്കുന്ന പ്രവണത ദൈവസന്നിധിയിൽ കുറ്റകരമാണ്. മിഷൻസൺഡേ പിരിവ് ഇടവകയുടെ വരുമാനത്തോടു ചേർക്കുവാൻ അനുവാദമില്ലാത്തതാകുന്നു. മിഷൻസൺഡേ കവർപിരിവും മിഷൻസൺഡേ ദിനത്തിലെ കാണിക്കയും പ്രത്യേക സംഭാവനയും ചേർത്ത്, മിഷൻബോർഡ് പ്രസിഡന്റ് അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ പേർക്ക്, **സെന്റ് പോൾസ് മിഷൻ സെന്റർ, തട്ടാരമ്പലം പി. ഒ.-690103, മാവേലിക്കര** എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്. അല്ലാത്തപക്ഷം Malankara Orthodox Syrian Church Mission Society, Account No. 018003741810190001, IFSC Code CSBK 0000180, CSB Mavelikara Branch എന്ന അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയ്യാവുന്നതാണ്. തുക ട്രാൻസ്ഫർ ചെയ്യുന്നപക്ഷം മിഷൻ ഓഫീസിൽ **(ഫോൺ: 0479 2302473, 9947399066)** അറിയിക്കേണ്ടതാണ്. ഫോൺ പേ വഴിയോ ഗൂഗിൾ പേ വഴിയോ തുക അയയ്ക്കുന്നവർ നിർബ്ബന്ധമായും മിഷൻ ഓഫീസിൽ വിളിച്ച് വിവരം അറിയിക്കേണ്ടതാ

*(മറുപുറം)*

ണ്. വിദേശത്തുനിന്നും ചെക്കുകൾ അയയ്ക്കുമ്പോൾ Malankara Orthodox Syrian Church Mission Society എന്നുതന്നെ ചെക്കിൽ എഴുതി അയയ്ക്കുകയും, അയയ്ക്കുന്നത് വ്യക്തികളാണെങ്കിൽ അവരുടെ പാസ്പോർട്ടിന്റെ കോപ്പി, പള്ളികളോ, സംഘടനകളോ ആണെങ്കിൽ അതായത് പള്ളിയോ, സംഘടനയോ രജിസ്റ്റർ ചെയ്തിരിക്കുന്ന രജിസ്ട്രേഷൻ കോപ്പി (സൊസൈറ്റി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കോപ്പി) എന്നിവ ചെക്കിനോടൊപ്പം അയയ്ക്കേണ്ടതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2024 മെയ് മാസം 20-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.